"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ അഗളി മൊബൈൽ മാവേലി സ്റ്റോറിൽ ഷോപ്പ് മാനേജരായിരുന്ന അസിസ്റ്റന്റ് സെയിൽസ്മാൻ ശ്രീ അയ്യപ്പൻ കെ.-യുടെ ബാധ്യത തുക എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.253/2025/F&CS തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-

1. 07/08/2017 തീയതിയിലെ സ.ഉ.(അച്ചടി) നം. 102/2017/ധന.
2. സപ്ലൈകോ അഡീഷണൽ ജനറൽ മാനേജരുടെ 18/05/2021, 05/05/2022 തീയതികളിലെ ഡി11-2735/16 നമ്പർ കത്തുകൾ
3. സപ്ലൈകോ അഡീഷണൽ ജനറൽ മാനേജരുടെ 07/11/2024, 30/05/2025 എന്നീ തീയതികളിലെ KSCSC/305/2023-D24 (DISP) നമ്പർ കത്തുകൾ.

**ഉത്തരവ്**

സപ്ലൈകോ അഗളി മൊബൈൽ മാവേലി സ്റ്റോറിൽ ഷോപ്പ് മാനേജരായിരിക്കെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അസിസ്റ്റന്റ് സെയിൽസ്മാനായിരുന്ന ശ്രീ അയ്യപ്പൻ കെ.-യെ, 27.02.2001-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും, ടിയാന്റെ പേരിൽ അഗളി പോലീസ് സ്റ്റേഷനിൽ, വിജിലൻസ് പാലക്കാട് യൂണിറ്റ് VC/1/2002/PKD നമ്പർ ആയി 02.01.2002-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, തുടർന്ന് 30.10.2014-ൽ ടിയാനെ 5 വർഷം കഠിന തടവിനും, 4000/-രൂപ പിഴ ഈടാക്കുന്നതിനും, ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് ഉത്തരവാകുകയും, 30.10.2014-ൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതുമാണ്. റവന്യൂ റിക്കവറിയിലൂടെ ടിയാന്റെ ബാധ്യത ഈടാക്കാൻ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥന പത്രം നൽകിയെങ്കിലും, പരിശോധനയിൽ ടിയാൻ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പട്ടിക ജാതിയിൽപെട്ട വ്യക്തിയാണെന്നും, ടിയാന് സ്വന്തമായി 1.62 ആർ(4.125 സെന്റ്) ഭൂമി മാത്രമാണുള്ളതെന്നും, ആയതിനാൽ KRR ആക്ട് മുഖേന ടിയാന്റെ ബാധ്യത ഈടാക്കാൻ കഴിയില്ലെന്ന് പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ടിയാനെ പിരിച്ചു വിട്ടതിനാൽ സർവീസ് ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തതിനാൽ ഒരു തരത്തിലും ടിയാന്റെ ബാധ്യത ഈടാക്കാൻ സാധിക്കില്ലെന്നും പരാമർശം (2), (3) എന്നിവ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 27.09.2024-ൽ നടന്ന സപ്ലൈകോയുടെ 451-ാമത്തെ ബോർഡ് മീറ്റിംഗിൽ ടിയാന്റെ ബാധ്യത എഴുതി തള്ളുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങുന്നതിന് തീരുമാനമാകുകയും, തുടർന്ന ശ്രീ കെ അയ്യപ്പന്റെ സപ്ലൈകോയിലെ ബാധ്യതയായ 5,38,627.51/- രൂപ എഴുതി തള്ളുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കവേ, 30.10.2014 - ന സേവനത്തിൽ നിന്ന് പിരിച്ചുവിടപ്പെട്ട ശ്രീ കെ. അയ്യപ്പന്റെ പേരിൽ ശേഷിക്കുന്ന ബാധ്യതയായ 5,38,627.51/- രൂപ ഒരു പ്രത്യേക കേസായി പരിഗണിച്ച് എഴുതിതള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ / മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്, കേരള, തിരുവനന്തപുരം)
ധനകാര്യ (പി.യു.ബി) വകുപ്പ് (3123760/PU-B2/31/2025-Fin dated 15/07/2025)
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (സി3/122/2021-ഭ.പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

**Signed by Veena V**
**Date: 23-07-2025 16:26:28**
സെക്ഷൻ ഓഫീസർ